"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.സിജിയ .പി.ഐ ഫയൽ ചെയ്ത ഒഎ 1040/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 21-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2740/2023/H&FWD തീയതി,തിരുവനന്തപുരം, 19-10-2023

പരാമർശം:-

1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023
3. ഡോ.സിജിയ പി.ഐ സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.സിജിയ .പി.ഐ ഫയൽ ചെയ്ത ഒഎ 1040/2023 നമ്പർ കേസിൽ 21.06.2023 തീയതിയിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, കോട്ടയം ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായ ഡോ.സിജിയ.പി.ഐ യെ വൈക്കം ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോ.സിജിയ.പി.ഐ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ 1040/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർ ശം ( 4 ) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാളെ നേരിൽ കേൾക്കുന്നതിനും ടിയാളുടെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

( 2 ) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകയേയും എതിർ കക്ഷികളേയും നേരിൽ കേൾക്കുകയും അപേക്ഷകയുടെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഒഎ 1040/2023 നമ്പർ കേസിലെ നാലാം എതിർകക്ഷിയും നിലവിൽ കോട്ടയം ഉഴവൂർ കെ.ആർ നാരായണൻ മെമ്മോറിയൽ സൂപ്പർ സ്പെഷ്യാൽറ്റി ആശുപത്രിയിൽ അസിസ്റ്റന്റ് സർജനുമായ ഡോ.അനുപമ രജനിയുടെ സ്പാർക്കിലെ സർവ്വീസ് വിവരങ്ങളിൽ ഉണ്ടായ തെറ്റായ രേഖപ്പെടുത്തൽ കാരണം, ടിയാളുടെ പി.ജി പഠന കാലാവധി സർവ്വീസ് കാലയളവായി

രേഖപ്പെടുത്തുകയും ,ടിയാളെ ഡോ.സിജിയ.പി.ഐ യേക്കാൾ സീനിയർ ആയി കണക്കാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഡോ.അനുപമ രജനിയെ കുമരകം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് പരിഗണിച്ചത് . ഈ പിഴവ് തിരുത്തി ഡോ.സിജിയ പി ഐ ക്ക് കുമരകം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്കും ഡോ.അനുപമ രജനിയ്ക്ക് വൈക്കം ജില്ലാ ആശുപത്രിയിലേക്കും നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണെന്ന് കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

(3) കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഡോ.സിജിയ പി ഐ യെ കുമരകം സാമൂഹികാരോഗ്യ കേന്ദ്രത്തിലും ഡോ.അനുപമ രജനിയെ വൈക്കം ജില്ലാ ആശുപത്രിയിലും നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർ ശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം(4) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.സിജിയ.പി.ഐ ,അസിസ്റ്റന്റ് സർജൻ ജനറൽ ആശുപത്രി, കോട്ടയം
ഡോ.ശശിലേഖ. വി.എസ് ,അസിസ്റ്റന്റ് സർജൻ ,ജനറൽ ആശുപത്രി, പാലാ
ഡോ.അനുപമ രജനി ,അസിസ്റ്റന്റ് സർജൻ ,കെ.ആർ നാരായണൻ മെമ്മോറിയൽ സൂപ്പർ സ്പെഷ്യാൽറ്റി ,ഉഴവൂർ,കോട്ടയം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 19-10-2023 18:08:10

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 21.10.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി